## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.08.2025**

### പ്രധാനവാർത്തകൾ

**1). 79-ാം മത് സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ച് രാജ്യം. പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തുന്നതിന് മിഷൻ സുദർശൻ ചക്ര ആരംഭിക്കുമെന്ന് സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.**

**2). ജാതി - മത വേർതിരിവുകൾക്കതീതമായ മനുഷ്യമനസ്സുകളുടെ ഒരുമയാണ് ഇന്ത്യയെന്ന വികാരത്തിൻറെ അടിത്തറയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

**3). ചട്ടങ്ങളിലും നിയമങ്ങളിലും മാറ്റം വരുത്തി മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പട്ടയം നൽകുക എന്നതാണ് സർക്കാരിൻറെ നയമെന്ന് റവന്യൂ മന്ത്രി കെ രാജൻ.**

**4). താരസംഘടനയായ A.M.M.A. യുടെ അധ്യക്ഷയായി നടി ശ്വേത മേനോനെ തിരഞ്ഞെടുത്തു.**

**5). സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള- കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**6). കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന് മുന്നോടിയായുള്ള സൗഹൃദ മത്സരം ഇന്ന് തിരുവനന്തപുരത്ത്.**

RNJU TVPM

==========================================

## സ്വാതന്ത്ര്യ ദിനം രാജ്യം - (ഇൻട്രോ)

79-ാം മത് സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ച് രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു, ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകത്തിലെത്തി ആദരമർപ്പിച്ചു. ചുവപ്പുകോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി. സായുധ സേനയുടെ ധീരതയും, കൃത്യതയും അടയാളപ്പെടുത്തുന്നതായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് ആഘോഷ ചടങ്ങിനെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി പറഞ്ഞു. ബഹിരാകാശ രംഗത്തെ മുന്നൂറോളം സ്റ്റാർട്ടപ്പുകൾ, ആയിരക്കണക്കിന് യുവജനങ്ങൾക്ക് തൊഴിൽ നൽകി. ഈ വർഷം അവസാനത്തോടെ, ഇന്ത്യയിൽ നിർമ്മിച്ച ഇലക്ട്രോണിക് ചിപ്പുകൾ വിപണിയിൽ ലഭ്യമാകും. 2047- ഓടെ ആണവോർജ ഉത്പാദനം പത്തിരട്ടിയിലധികം വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ശുദ്ധ ഊർജം സംബന്ധിച്ചുള്ള രാജ്യത്തിൻറെ ആഗോള പ്രതിബദ്ധതകൾ, ലക്ഷ്യമിട്ടതിലും നേരത്തെ തന്നെ കൈവരിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് ബൈറ്റ് പി.എം..................)**

സ്വകാര്യ സ്ഥാപനങ്ങളിൽ ആദ്യമായി ജോലിക്ക് പ്രവേശിക്കുന്ന യുവജനങ്ങൾക്ക് പതിനയ്യായിരം രൂപ വീതം ലഭ്യമാക്കുന്ന പുതിയ പദ്ധതി പ്രധാനമന്ത്രി പ്രഖ്യാപിച്ചു. മികവുറ്റ ആയുധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനായി 'സുദർശൻ ചക്ര' എന്ന പേരിൽ ദൗത്യം നടപ്പിലാക്കും. ദീപാവലിയോടെ, രാജ്യത്തെ ചരക്കുസേവന നികുതി സംവിധാനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നും പ്രധാനമന്ത്രി അറിയിച്ചു. വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

===========================================

PNU TVPM

## ഗവർണർ, മുഖ്യമന്ത്രി (ഇൻട്രോ)

സംസ്ഥാനത്തും വിപുലമായ സ്വാതന്ത്ര്യ ദിന ആഘോഷ പരിപാടികൾ നടന്നു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാജ് ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ത്രിവർണ പതാക ഉയർത്തി. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി, സേന വിഭാഗങ്ങളുടെ സല്യൂട്ട് സ്വീകരിച്ചു. വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റാനുള്ള ദൗത്യം, വരും തലമുറകളുടെ ഭാവി ഭദ്രമാക്കുന്നതിനാണ് ആവിഷ്ക്കരിച്ചിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

**(HOLD FOR BYTE - മുഖ്യമന്ത്രി.........)**

ജാതി - മതാദി വേർതിരിവുകൾക്കെല്ലാം അതീതമായ മനുഷ്യമനസ്സുകളുടെ ഒരുമയാണ് ഇന്ത്യ എന്ന വികാരത്തിൻറെ അടിത്തറയെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

=========================================

## മന്ത്രിമാർ- വിവിധ ജില്ലകൾ

വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന, വ്യത്യസ്ത സംസ്കാരമുള്ള അനേകം സമൂഹങ്ങളുടെ കൂട്ടായ്മയെ ബന്ധിപ്പിക്കുന്നത് ഇന്ത്യയെന്ന രാജ്യമാണെന്നും, അതിനുകാരണം നമ്മുടെ ഭരണഘടനയാണെന്നും പത്തനംതിട്ടയിൽ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ മന്ത്രി വീണാ ജോർജ് പറഞ്ഞു. ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം, ജനാധിപത്യം, സാമൂഹിക നീതി, തുല്യത എന്നിവ പാലിക്കാൻ ഓരോ കേരളീയരും പ്രതിജ്ഞാബദ്ധരാണെന്ന് കൊല്ലത്ത് ചടങ്ങിനെ അഭിസംബോധന ചെയ്യവേ മന്ത്രി വി ശിവൻ കുട്ടി പറഞ്ഞു. സ്വാതന്ത്ര്യ സമരത്തിലൂടെ മുൻതലമുറകൾ നടത്തിയ ത്യാഗോജ്വല പ്രവർത്തനങ്ങളാണ് രാജ്യത്തെ ഇന്നത്തെ നിലയിൽ എത്തിച്ചതെന്ന് കൊട്ടാരക്കരയിൽ മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ബഹുസ്വരതയും, സമത്വവും, സഹിഷ്ണുതയും

ജനാധിപത്യവുമാണ് ഊട്ടിയുറപ്പിക്കേണ്ടതെന്ന് മന്ത്രി കെ രാജൻ മലപ്പുറത്ത് പറഞ്ഞു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരിൽ ദേശീയപതാക ഉയർത്തി.

---

**<u>സ്വാതന്ത്ര്യദിനാഘോഷം-2</u>**

രാജ്യത്തിൻറെ ഐക്യവും അഖണ്ഡതയും ഉറപ്പാക്കാൻ ഭരണഘടനയിലെ മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് മന്ത്രി ഒ ആർ കേളു വയനാട് സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ അഭിവാദ്യം സ്വീകരിച്ചുകൊണ്ട് പറഞ്ഞു. ഇടുക്കിയിൽ മന്ത്രി റോഷി അഗസ്റ്റിനും ആലപ്പുഴയിൽ മന്ത്രി സജി ചെറിയാനും കോട്ടയത്ത് മന്ത്രി ജെ ചിഞ്ചുറാണിയും എറണാകുളത്ത് മന്ത്രി പി രാജീവും ദേശീയപതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. മാഹിയിൽ പുതുച്ചേരി മന്ത്രി എ ജോൺ കുമാർ പതാക ഉയർത്തി.

RNU TVPM

---

**<u>ലക്ഷദ്വീപ് - സ്വാതന്ത്ര്യ ദിനം</u>**

ലക്ഷദ്വീപിലും സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. അന്ത്രോത്ത് ദീപിൽ സ്വതന്ത്ര ദിനാഘോഷ ചടങ്ങിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ഗൗരവ് സിംഗ് രജാവത്ത് ദേശീയ പതാക ഉയർത്തി. സിക്കിമിലെ സൈനിക ക്യാംപിലെ മണ്ണിടിച്ചിലിൽ ജീവൻ നഷ്ടപ്പെട്ട അന്ത്രോത്ത് ദ്വീപ് സ്വദേശി ജവാൻ പി കെ സൈനുദ്ദീന് ചടങ്ങിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

---

**<u>സ്വാതന്ത്ര്യദിന ആഘോഷം - നിയമസഭ</u>**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നിയമസഭാങ്കണത്തിൽ സ്പീക്കർ എ എൻ ഷംസീർ ദേശീയ പതാക ഉയർത്തി. നിയമസഭാ സമുച്ചയത്തിലെ ദേശീയ നേതാക്കളുടെ പ്രതിമകളിൽ അദ്ദേഹം പുഷ്പാർച്ചന നടത്തി. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഓഫീസിൽ തെരഞ്ഞെടുപ്പ് കമ്മീഷണറും പോലീസ് ആസ്ഥാനത്ത് എ ഡി ജി പി, എസ് ശ്രീജിത്തും ദേശീയ പതാക ഉയർത്തി.

==========================================

**കഴക്കൂട്ടം സൈനിക് സ്കൂൾ**

കഴക്കൂട്ടം സൈനിക് സ്കൂളിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷ ച്ചടങ്ങിൽ പ്രിൻസിപ്പൽ കേണൽ ധീരേന്ദ്ര കുമാർ മുഖ്യാതിഥിയായി. കൊച്ചിയിലെ ദക്ഷിണ നാവികസേന കമാൻഡിലും സ്വാതന്ത്ര്യ ദിന പരേഡ് നടന്നു. വൈസ് അഡ്മിറൽ വി ശ്രീനിവാസ് പരേഡിനെ അഭിസംബോധന ചെയ്തു. സ്വാതന്ത്ര്യദിനാ ഘോഷങ്ങളുടെ ഭാഗമായി, തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ വ്യോമസേനാ ബാൻഡ് അവതരിപ്പിക്കുന്ന സംഗീത വിരുന്ന് അൽപ്പസമയത്തിനകം നടക്കും.

==========================================

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

==========================================

**അമ്മ തിരഞ്ഞെടുപ്പ്**

മലയാള സിനിമയിലെ താരസംഘടന A.M.M.A. യുടെ അധ്യക്ഷയായി നടി ശ്വേത മേനോനെ തിരഞ്ഞെടുത്തു. കുക്കു പരമേശ്വരനാണ് പുതിയ ജനറൽ സെക്രട്ടറി. കൊച്ചിയിലായിരുന്നു തിരഞ്ഞെടുപ്പ്.

==========================================

**മന്ത്രി കെ രാജൻ**

രാജ്യത്തെ അതിദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമായി നവംബർ ഒന്നോടെ കേരളം മാറുമെന്ന് മന്ത്രി കെ രാജൻ. മലപ്പുറത്ത് അതിദരിദ്രരായ 33 കുടുംബങ്ങൾക്കുള്ള പട്ടയ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാധാരണക്കാരനു

RNU TVPM

വേണ്ടി ചട്ടങ്ങളിലും നിയമങ്ങളിലും മാറ്റം വരുത്തി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പട്ടയം നൽകുക എന്നതാണ് സർക്കാരിൻറെ നയമെന്നും മന്ത്രി പറഞ്ഞു.

========================================

**വയനാട് (ഇൻട്രോ)**

കർഷകർക്ക് പ്രതീക്ഷയായി ഒരിടവേളക്ക് ശേഷം കാപ്പി വില വീണ്ടും ഉയരുന്നു. വില വർദ്ധന വയനാട്ടിലെ കാപ്പി കർഷകർക്കും പ്രതീക്ഷ നൽകുന്നുണ്ട്.

**ആകാശവാണി വയനാട് ജില്ലാ പ്രതിനിധി**
**അരുൺ വിൻസെൻറ് തയ്യാറാക്കിയ റിപ്പോർട്ട്.**
**(ഹോൾഡ് വോയ്സ്........)**

========================================

**അടിയന്തര സേവന നമ്പർ**

അടിയന്തര സേവനങ്ങൾക്കുള്ള നമ്പറായ 112 ൻറെ പരിഷ്കരിച്ച സേവനങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തുടക്കം കുറിച്ചു. പോലീസ്, ഫയർ, ആംബുലൻസ് എന്നിങ്ങനെയുള്ള അടിയന്തര സേവനങ്ങൾക്ക് വിളിക്കാവുന്ന നമ്പരാണ് 112. സാങ്കേതിക വിദ്യയുടെ സഹായത്തോടെ, സേവനലഭ്യത വർദ്ധിപ്പിക്കാനും പ്രതികരണം വേഗത്തിലാക്കാനും ലക്ഷ്യമിട്ടുള്ളതാണ് പരിഷ്കാരങ്ങൾ.

========================================

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ് തീരത്ത് ഈ മാസം 18 വരെയും കർണാടക തീരത്ത് 19 വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

========================================

RNU TVPM

**ക്രിക്കറ്റ് - കാര്യവട്ടം**

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണ് മുന്നോടിയായുള്ള സൗഹൃദ മത്സരം ഇന്ന് തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. സഞ്ജു സാംസൺ നയിക്കുന്ന കെസിഎ സെക്രട്ടറി ഇലവനും, സച്ചിൻ ബേബി നയിക്കുന്ന കെസിഎ പ്രസിഡൻറ് ഇലവനും തമ്മിൽ രാത്രി 7.30നാണ് മത്സരം. സ്റ്റേഡിയത്തിൽ പുതിയതായി സ്ഥാപിച്ച LED ഫ്ളഡ് ലൈറ്റുകളുടെ ഔദ്യോഗിക ഉദ്ഘാടനവും ഉണ്ടാകും. പ്രവേശനം സൗജന്യമാണ്.

ലീഗിൻറെ രണ്ടാം പതിപ്പിന് മുന്നോടിയായുള്ള ടീമുകളുടെ ഔദ്യോഗിക ലോഞ്ച് നാളെ തിരുവനന്തപുരത്ത് നടക്കും. ചടങ്ങിൽ കെ.സി.എല്ലിൻ്റെ ഭാഗ്യചിഹ്നങ്ങളുടെ പേരുകൾ പ്രഖ്യാപിക്കും.

========================================

**ആലപ്പുഴ - (ഇൻട്രോ)**

ഈ മാസം 30- ന് പുന്നമടക്കായലിൽ നടക്കുന്ന 71- ആമത് നെഹ്റു ട്രോഫി വള്ളംകളിക്ക് കേന്ദ്രസർക്കാർ ധനസഹായം അനുവദിച്ചു. ജലോൽസവത്തിനുള്ള പരിശീലന ഒരുക്കങ്ങളും ആരംഭിച്ചുകഴിഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി**
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ .....**
**(വോയിസ്........)**

========================================

**സ്വർണ്ണവില**

സ്വർണവില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 74,240 രൂപയും ഗ്രാമിന് 9,280 രൂപയുമാണ് ഇന്നത്തെ വില.

========================================

RNU TVPM

**ശബരിമല**

ചിങ്ങമാസ പൂജകൾക്കായി ശബരിമല നട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. ശബരിമല കീഴ്ശാന്തി നറുക്കെടുപ്പ്, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നെറുക്കെടുപ്പ് എന്നിവ മറ്റന്നാൾ നടക്കും.

==========================================

**മാർ ക്ലീമിസ് ബാവ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക രജതജൂബിലി ആരംഭിച്ചു. പട്ടം സെൻറ് മേരീസ് കത്തീഡ്രലിൽ രാവിലെ നടന്ന സമൂഹബലിക്ക് ശേഷം മാർ ക്ലീമിസ് ബാവ ജൂബിലി തിരി തെളിച്ചു.

==========================================

**കൃഷ്ണൻകുട്ടി- വൈദ്യുതി ലൈൻ**

ഉഡുപ്പി- കരിന്തളം 400 കെവി ലൈൻ പൂർത്തിയാകുന്നതോടെ ഉത്തരകേരളത്തിലെ വൈദ്യുതി വിതരണത്തിൽ വലിയ മുന്നേറ്റം ഉണ്ടാകുമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. രാജ്യത്ത് ആദ്യമായി നാലു മണിക്കൂർ തുടർച്ചയായി വൈദ്യുതി നൽകാൻ കഴിയുന്ന ബാറ്ററി ഊർജ സംഭരണ സംവിധാനം കാസർകോട് മയിലാട്ടിയിൽ സ്ഥാപിക്കാൻ തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു.

==========================================

RNU TVPM

**തോരായികടവ് പാലം- മുഹമ്മദ് റിയാസ്**

കോഴിക്കോട് കൊയിലാണ്ടി തോരായികടവ് പാലം തകർന്ന സംഭവത്തിൽ അടിയന്തരമായി അന്വേഷണം നടത്താൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതായി മന്ത്രി

പി എ മുഹമ്മദ് റിയാസ്. മുൻവിധിയോടെ കാര്യങ്ങളെ സമീപിക്കുന്നില്ലെന്നും, റിപ്പോർട്ട് വന്ന ഉടൻ നടപടി ഉണ്ടാകുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM